**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5497** **15-03-2023 - ൽ മറുപടിയ്ക്ക്**

**ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ-പെരുമ്പിലാവ് സംസ്ഥാന പാതയിൽ പെരിന്തൽമണ്ണയ്ക്കടുത്തുള്ള പൂപ്പലത്ത് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | **പെരിന്തൽമണ്ണയിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ള സ്ഥലത്ത് നിന്നും രണ്ടര കിലോമീറ്റർ കഴിഞ്ഞാണ് പൂപ്പലത്ത് സ്റ്റോപ്പുള്ളത്. ഈ സ്റ്റോപ്പ് കഴിഞ്ഞ് രണ്ടര കിലോമീറ്ററിനുള്ളിൽ പട്ടിക്കാട് ചുങ്കം സ്റ്റോപ്പുണ്ട്. ടി സ്റ്റോപ്പിൽ കെ.എസ്.ആർ.ടി.സി.യുടെ ഫാസ്റ്റ് പാസഞ്ചർ വരെയുള്ള എല്ലാ ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതാണ്.** |
| (ബി) | പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | പൂപ്പലം സ്റ്റോപ്പിൽ കെ.എസ്.ആർ.ടി.സി.യുടെ ഓർഡിനറി ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതാണ്. ദീർഘദൂര ബസ്സുകൾക്ക് അടുത്തടുത്ത് സ്റ്റോപ്പ് അനുവദിക്കുന്നത് നിർദ്ദിഷ്ട സമയപരിധി പാലിക്കാതെ വരികയും ഇത് യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും ദീർഘദൂര സർവ്വീസുകളെ സാരമായി ബാധിക്കുകയും ചെയ്യും എന്നതിനാൽ പൂപ്പലത്ത് ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് ഗുണകരമാവുകയില്ല. |

സെക്ഷൻ ഓഫീസർ